**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2750** 12.02.2019 ൽ മറുപടിയ്ക്ക്.

## സർക്കാർ ഐ.ടി.ഐ.യുടെ വികസനം

| ***ചോദ്യം*** | ***ഉത്തരം*** |
|---|---|
| ശ്രീ.അൻവർ സാദത്ത് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് പഞ്ചായത്തിലുള്ള സർക്കാർ ഐ.ടി.ഐ. യുടെ വികസനത്തിനായി നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;<br>**(ബി)** പ്രസ്തുത ഐ.ടി.ഐ. കെട്ടിടത്തിൽ രണ്ട് നില കൂടി പുതുതായി നിർമ്മിക്കുവാൻ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;<br>**(സി)** അടിയന്തരമായി പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുമോ എന്നറിയിക്കാമോ? | **(എ), (ബി) & (സി)** നിലവിലുള്ള ട്രേഡുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പള്ളിപ്പാട് ഐ.ടി.ഐ-യിൽ ലഭ്യമാണ്. ടി ഐ.ടി.ഐയുടെ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ രണ്ട് നിലകൾ കൂടി പണികഴിപ്പിക്കുന്നതിലേക്കായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന ട്രേഡുകൾക്കായാണ് ടി നിലകൾ വിഭാവനം ചെയ്തിരിക്കുന്നത്. പുതിയ ട്രേഡുകൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ |

Bindu
സെക്ഷൻ ഓഫീസർ